# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3840 — 15.03.2017 ലെ മറുപടിക്ക്

## കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| എ) കേരളത്തിലെ കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദീകരിക്കുമോ; | എ)കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുന:സംഘടനയാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുന:സംഘടന നടപ്പിലാക്കുക. ആധുനികരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. |
| ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കുമോ? | ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി ഒരു സമഗ്ര കയർ പുന:സംഘടനാ പരിപാടി നടപ്പിലാക്കുന്നതാണ്. സാങ്കേതിക നവീകരണവും സമഗ്ര പുന:സംഘടനയുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി എൻ.സി.ഡി.സി സഹായത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ